**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6628** **21-03-2023 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വനഭൂമി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി ഉൾപ്പടെയുള്ള പ്രദേശങ്ങൾ അളന്ന് തിരിച്ച് കല്ലിടുന്നതിന് വനം വകുപ്പിന്റെ എതിർപ്പുമൂലം കഴിയാതെ വരുന്നതും തന്മൂലം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ ; | (എ) | വനപ്രദേശങ്ങളിൽ കൂടി കടന്ന് പോകുന്ന മലയോര ഹൈവേയുടെ വികസനത്തിന് ആവശ്യമായിവരുന്ന അധിക സ്ഥലത്ത് പ്രവേശിക്കുന്നതിനും വിട്ടുകിട്ടുന്നതിനും വനംവകുപ്പിന്റെ അനുമതി ആവശ്യമാണ്. നിലവിൽ മലയോര ഹൈവേ പദ്ധതിക്കായി 44.037 ഹെക്ടർ വനഭൂമി ആവശ്യമായിട്ടുണ്ട്. ആയതിനാൽ വനംവകുപ്പിന്റെ അനുമതി ആവശ്യമുള്ള 8 ജില്ലകളിൽ ഇതിനായുള്ള 10 അപേക്ഷകൾ വനംവകുപ്പിന്റെ പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. |
| (ബി) | മലയോര ഹൈവേ നിർമ്മാണം തടസ്സങ്ങൾ നീക്കി ആരംഭിക്കുന്നതിനും നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മലയോരഹൈവേയുടെ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതിനും ഏകോപനം സാധ്യമാക്കുന്നതിനും ബഹു.മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് മന്ത്രിയുടെയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ കെ.ആർ.എഫ്.ബി - സി.ഇ.ഒ യുടെ നേതൃത്വത്തിൽ മലയോര ഹൈവേയുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് ആഴ്ചതോറും അവലോകന യോഗങ്ങളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ